4. കേരള സ്റ്റേറ്റ് വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (റെഗുലേഷൻ) ബിൽ 2014 സർക്കാരിന്റെ പരിഗണനയിലാണ്.

5. ഡിജിറ്റൽ ഫയൽ ഫ്ലോ സിസ്റ്റം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ടി.എസ്.പി.-കളിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാക്കി വർക്ക് ഓർഡർ നൽകുവാനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു.

6. ഐ.ടി.ഒ.ടി. ആരംഭിക്കുന്നതിനുള്ള ശിപാർശ സമർപ്പിച്ചിരുന്നെങ്കിലും ന്യൂഡൽഹിയിലെ ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് ആയത് പരിഗണിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുകയില്ല.

ബിവറേജസ് ഔട്ട്ലെറ്റുകൾ പൂട്ടിയതുമൂലം തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ നടപടി

262 (970) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവന്നിരുന്ന ബാറുകളും ബിവറേജസ് ഔട്ട്ലെറ്റുകളും അടച്ചിട്ടിരിക്കുക വഴി സംസ്ഥാനത്ത് തൊഴിൽ നഷ്ടപ്പെട്ടവരുടെ കണക്കുകൾ തൊഴിൽ വകുപ്പ് ശേഖരിച്ചിട്ടുണ്ടോ ; ജില്ല തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത രീതിയിൽ തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ബാറുകൾ അടച്ചുപൂട്ടിയതുമൂലം തൊഴിൽ നഷ്ടപ്പെട്ടവരെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 365 തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ജില്ല	രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം
(1)	(2)	(3)
1	തിരുവനന്തപുരം	23
2	കൊല്ലം	18

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
3	ആലപ്പുഴ	4
4	പത്തനംതിട്ട	ഇല്ല
5	ഇടുക്കി	18
6	കോട്ടയം	40
7	എറണാകളം	131
8	മലപ്പുറം	17
9	പാലക്കാട്	10
10	തൃശ്ശൂർ	76
11	കണ്ണൂർ	18
12	വയനാട്	2
13	കാസർഗോഡ്	5
14	കോഴിക്കോട്	3
	ആകെ	365

(ബി) ബാറുകൾ അടച്ചുപൂട്ടിയതുമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി തൊഴിൽ വകുപ്പിൽ പദ്ധതികൾ ഒന്നും നിലവിലില്ല.

പ്രവർത്തനക്ഷമമല്ലാത്ത തോട്ടങ്ങളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ

263 (971) ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാര്യക്ഷമമായ പ്രവർത്തനമില്ലാത്തതോ, പ്രവർത്തനം മുടങ്ങിയതോ ആയ എസ്റ്റേറ്റുകളെ സംബന്ധിച്ച വിവരം ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly